പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 318 10.12.2012 ൽ മറുപടിക്ക്

## ഉന്നതപോലീസ് ഉദ്യോഗസ്ഥരുടെ നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ. നാണു | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| എ) ഉന്നത പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കുന്ന കാര്യത്തിൽ സുപ്രീം കോടതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ ലംഘിക്കപ്പെടുന്നതായി പരാതിയുയർന്നിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ; | ബിയും, സിയും) കേരള പോലീസ് ആക്റ്റിലെ 18,23,24 എന്നീ വകുപ്പുകളുടെ സാധുത ചോദ്യം ചെയ്തുകൊണ്ട് ബഹു: കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള WP(C) 26355/2012 -ാം നമ്പർ പൊതു താൽപര്യ ഹർജിയിൽ ശ്രീ. കെ.എസ്. ബാലസുബ്രഹ്മണ്യം ഐ.പി.എസ്-നെ കേരള പോലീസ് ഡയറക്ടർ ജനറലായി നിയമിച്ചത് സുപ്രീം കോടതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ചല്ല എന്ന് ആരോപണം ഉന്നയിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രിലിമിനറി സ്റ്റേറ്റ്മെന്റ് സർക്കാർ ബഹു:ഹൈക്കോടതി |
| സി) ഇതു സംബന്ധമായി എന്തെങ്കിലും നടപടി ഹൈക്കോടതി മുൻപാകെ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | |

| | |
|---|---|
| | മുമ്പാകെ ഫയൽ ചെയ്തിട്ടുണ്ട്. മേൽ WP(C) യിൽ ഉന്നയിച്ചിട്ടുള്ള മറ്റ് ആരോപണങ്ങൾക്കുള്ള മറുപടിയും ഉൾപ്പെടുത്തി വിശദമായ സ്റ്റേറ്റ്മെൻറ് ഫയൽ ചെയ്യണമെന്ന ബഹു: ഹൈക്കോടതിയുടെ 26.11.2012 ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിശദമായ സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ